# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 623** **28.10.2011-ൽ മറുപടിയ്ക്ക്**

**ഒരു വർഷത്തേയ്ക്കുള്ള കർമ്മ പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. എളമരം കരീം<br>ശ്രീ. എസ്. ശർമ്മ** | | **ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി)** |
| (എ)<br><br><br><br><br><br><br>(ബി) | ഒരു വർഷത്തേക്കുള്ള കർമ്മ പദ്ധതി സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ ; ഒരു വർഷത്തേക്കുള്ള ബജറ്റ് നിർദ്ദേശങ്ങളും കർമ്മപദ്ധതിയിലെ നിർദ്ദേശങ്ങളും തമ്മിലുള്ള വ്യത്യാസം വിശദമാക്കാമോ ;<br><br>നിമയസഭ പാസ്സാക്കിയ 2011-12 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ പദ്ധതികൾക്കും പരിപാടികൾക്കും പുറമേ, കർമ്മ പദ്ധതിയിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ ഉണ്ടോ ; എങ്കിൽ വിശദമാക്കാമോ ; | } | (എ) യും (ബി) യും<br><br>ഇല്ല. വരുന്ന ഒരു വർഷത്തേക്കുള്ള കർമ്മ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ ബഡ്ജറ്റ് വിഹിതത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് നടപ്പിലാക്കാനുള്ള കർമ്മപരിപാടി ആവിഷ്ക്കരിക്കുക, പുതുക്കിയ ബഡ്ജറ്റിലും ബഡ്ജറ്റ് ചർച്ചകളുടെ മറുപടി പ്രസംഗത്തിലും ധനമന്ത്രി പ്രഖ്യാപിച്ച പദ്ധതികൾ ഓരോ വകുപ്പിനുള്ളതും പ്രത്യേകം തയ്യാറാക്കി അത് നടപ്പിലാക്കാനുള്ള പദ്ധതികൾ തയ്യാറാക്കുക, 2011-2012-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയവ എന്തെല്ലാമാണെന്ന് പരിശോധിച്ച് ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകളുടെ ശ്രദ്ധയിൽപ്പെടുത്തി നടപടികൾ സ്വീകരിക്കുക, 2011-2012 ബഡ്ജറ്റിലെ പദ്ധതികളും ഈ വർഷത്തെ പ്ലാനിൽ ഉൾപ്പെടുത്തിയ പദ്ധതികളും കണ്ടെത്തി ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകളുടെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുക, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ PMGSY ഉൾപ്പെടെ - നിന്നും പരമാവധി ആനുകൂല്യം സംസ്ഥാനത്തിന് ലഭിക്കാൻ സഹായകരമായ<br><br>(.....2) |

| | | | |
|---|---|---|---|
| | | | നടപടികൾ തയ്യാറാക്കുക, NRLM പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തിലും മേൽനോട്ടത്തിലും നടപ്പിലാക്കാൻ നടപടികൾ ത്വരിതപ്പെടുത്തുക, ഗവൺമെൻറ് പ്രഖ്യാപിച്ച Flagship പ്രോഗ്രാമുകളായ വിഴിഞ്ഞം തുറമുഖം, കൊച്ചിൻ മെട്രോ റെയിൽവേ, സ്മാർട്ട് സിറ്റി, കണ്ണൂർ വിമാനത്താവളം, ഹിൽഹൈവേ, രാജീവ്ഗാന്ധി ആരോഗ്യശ്രീ പദ്ധതി, ശബരിമലയുടെ അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയ കാര്യങ്ങൾ സമയബന്ധിതമായി ആരംഭിക്കാനും പൂർത്തീകരിക്കാനും നടപടി സ്വീകരിക്കുക, പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ച SPV പ്രോഗ്രാമുകൾ (ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുള്ള പ്രോഗ്രാമുകൾ) സംബന്ധിച്ച് നടപടികൾ ത്വരിതപ്പെടുത്തുക, KINFRA, INKEL, KSIDC എന്നിവയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും പുതിയ മെഡിക്കൽ കോളേജുകളും കോട്ടയം ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് കമ്മ്യൂണിക്കേഷൻ, വയനാട് ശ്രീചിത്രാ സെന്റർ തുടങ്ങിയ പദ്ധതികളും മോണിറ്റർ ചെയ്ത് നടപടികൾ സ്വീകരിക്കുക തുടങ്ങിയവയാണ് ഒരു വർഷത്തെ കർമ്മ പദ്ധതിയിലെ പ്രധാന പദ്ധതികൾ. |
| (സി) | ബഡ്ജറ്റിലെ പദ്ധതികൾക്കും പരിപാടികൾക്കും പുറമേയുള്ള കർമ്മ പദ്ധതിക്ക് ഖജനാവിൽ നിന്നും പണച്ചെലവുണ്ടാകുമോ ; എങ്കിൽ അത് കണ്ടെത്തുന്നത് ഏതെല്ലാം വഴികളിലൂടെയാണെന്ന് വെളിപ്പെടുത്താമോ ; | (സി) | ഒരു വർഷത്തെ കർമ്മ പദ്ധതിയുടെ അന്തിമ രൂപമായാലേ പണച്ചെലവ് സംബന്ധിച്ച് കണക്കുകൾ ലഭ്യമാകുകയുള്ളൂ. |
| (ഡി) | ബഡ്ജറ്റ് നിർദ്ദേശങ്ങളെ കർമ്മ പദ്ധതിയായി വ്യാഖ്യാനിക്കുന്നത് എന്തുകൊണ്ടാണ് ? | (ഡി) | സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുക എന്നതാണ് കർമ്മ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.<br><br>സെക്ഷൻ ഓഫീസർ |